www.chandrikadaily.com

ചന്ദ്രിക

പൊതുവാർത്തകൾ

നയതന്ത്ര പാസ്പോർട്ട്: ആവശ്യം അംഗീകരിച്ച് ഹൈക്കോടതി

കൊച്ചി: രണ്ട് വർഷത്തേക്ക് മാത്രം നയതന്ത്ര പാസ്പോർട്ട് കൈവശം വയ്ക്കാൻ അനുവദിച്ച തിരുവനന്തപുരം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് ഉത്തരവിനെതിരെ രാജ്യസഭാ എംപി എ.എ.റഹീം സമർപ്പിച്ച അപ്പീൽ കേരള ഹൈക്കോടതി അംഗീകരിച്ചു. ഹർജി പരിഗണിച്ച ജസ്റ്റിസ് സി.എസ്.ഡയസ് വിചാരണ ക്കോടതിയുടെ ഉത്തരവ് യുക്തിരഹിതവും നീതീകരിക്കാനാവാത്തതുമാണെന്ന് പറഞ്ഞു. തന്റെ ഓഫീസിന്റെ ശേഷിക്കുന്ന കാലാവധി വരെ റഹീമിന് നയതന്ത്ര പാസ്പോർട്ട് കൈവശം വയ്ക്കാമെന്ന് അദ്ദേഹം വ്യക്തമാക്കി. എ. എ. റഹീം 2022 ഏപ്രിൽ മുതൽ രാജ്യസഭയിലെ പാർലമെന്റ് അംഗവും ഗതാഗതം, വിനോദസഞ്ചാരം, സംസ്കാരം എന്നിവയിൽ പാർലമെന്ററി സ്റ്റാൻഡിംഗ് കമ്മിറ്റി അംഗവുമാണ്. എംപി എന്ന നിലയിലുള്ള തന്റെ കാലാവധി 2028 മാർച്ച് 31ന് മാത്രമേ അവസാനിക്കുകയുള്ളൂവെന്നും തന്റെ കാലാവധിയുടെ ശേഷിക്കുന്ന കാലത്തേക്കെങ്കിലും നയതന്ത്ര പാസ്പോർട്ട് കൈവശം വയ്ക്കാൻ തനിക്ക് അർഹതയുണ്ടെന്നും അദ്ദേഹം വാദിച്ചു. ഈ വാദം അംഗീകരിച്ചാണ് ഹൈക്കോടതിയുടെ ഉത്തരവ്.

റേഷൻ ലഭ്യമാക്കുമെന്ന് റേഷൻ ഡീലേഴ്സ് അസോസിയേഷൻ

കോഴിക്കോട്: ചൂരൽമലയിലും സമീപ പ്രദേശങ്ങളിലുമുണ്ടായ ഉരുൾപ്പൊട്ടലും മറ്റു പ്രകൃതിദുരന്തങ്ങൾ നേരിടുന്ന സാഹചര്യത്തിൽ ഈ പ്രദേശത്തെ റേഷൻകടകൾ ജൂലായ് മാസത്തെ റേഷൻ വാങ്ങാൻ കഴിയാത്തവർക്കുവേണ്ടി രാവിലെ 8 മണിമുതൽ വൈകീട്ട് 7 മണിവരെ പ്രവർത്തിക്കുന്നുമെന്ന് ആൾ കേരളാ റീട്ടെയിൽ റേഷൻ ഡീലേഴ്സ് അസോസിയേഷൻ വ്യക്തമാക്കി. റേഷൻ കാർഡും മറ്റു രേഖകളും നഷ്ടപെട്ടവർക്ക് റേഷൻ നൽകുന്നതിന് അടിയന്തിരമായി റേഷൻ കാർഡുകൾ അനുവദിച്ച് ഇവർക്ക് ഈ മാസത്തെ റേഷൻ നൽകുന്നതിന് യുദ്ധകാലാടിസ്ഥാനത്തിലുള്ള നടപടിയുണ്ടാവണം. നീല, വെള്ള, കാർഡുകാർക്ക് തുടർന്നുള്ള മാസങ്ങളിൽ സൗജന്യ റേഷൻ എൻ.എസ്.എഫ്.എ ഗോഡൗണുകളിൽ നിന്ന് സൗജന്യമായി റേഷൻ കടകളിലെത്തിച്ചു നൽകണമെന്നും ആൾ കേരളാ റീട്ടെയിൽ റേഷൻ ഡീലേഴ്സ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് അഡ്വ: ജോണി നെല്ലൂരും ജനറൽ സെക്രട്ടറി ടി. മുഹമ്മദാലിയും ആവശ്യപ്പെട്ടു.

email: chandrikakochi@gmail.com

സാംസ്കാരിക തലസ്ഥാനമിനി ടെക്നോളജിയുടെയും സംരംഭകത്വത്തിന്റെയും ആസ്ഥാനമാകും

ഗുരുവായൂർ: സിലിക്കൺവാലി മോഡൽ കേരളത്തിന്റെ ഭാഗമായ തൃശ്ശൂരിന്റെ കുതിപ്പിന് കരുത്തു പകർന്ന് ചന്ദ്രികടാൽറോപ് ബിസിനസ് കൺസൽറ്റന്റ്സ് കോൺഫറൻസ്. ടെക്നോളജി നിയന്ത്രിത ലോകത്തേക്ക് ഗ്രാമങ്ങളെ കൈപിടിച്ചുയർത്തേണ്ടതിന്റെ അനിവാര്യതയും ടാൽറോപിന്റെ സിലിക്കൺവാലി മോഡൽ കേരളമെന്ന ആശയവും സജീവ ചർച്ചകൾക്ക് വിധേയമാക്കിയാണ് ഗുരുവായൂർ ഭാസുരി ഇൻ ഹോട്ടലിൽ നടന്ന കോൺഫറൻസ് സമാപിച്ചത്. കേരളത്തിന്റെ സവിശേഷതകൾക്കനുയോജ്യമായ സംരംഭക സാധ്യതകളും ടെക്നോളജി നിയന്ത്രിത ലോകത്തേക്ക് ഗ്രാമങ്ങളെ കൈപിടിച്ചുയർത്തേണ്ടതിന്റെ അനിവാര്യതയും ഉൾപ്പടെയുള്ള ചർച്ചകളാൽ സമ്പന്നമായിരുന്നു കോൺഫറൻസ്.

ടാൽറോപിന്റെ സിലിക്കൺവാലി മോഡൽ കേരളത്തിന്റെ ഭാഗമായതോടെ തൃശ്ശൂരിൽ ലഭ്യമായിരിക്കുന്ന അവസരങ്ങളെയും വരാനിരിക്കുന്ന വലിയ സാധ്യതകളെയും കോൺഫറൻസ് വിശദമായി ചർച്ച ചെയ്തു. ആയിരക്കണക്കിന് സംരംഭങ്ങളും അനവധി ആഗോള കമ്പനികളും ഉൾപ്പെടുന്നതാണ് ടാൽറോപ് നടപ്പിൽ വരുത്തി കൊണ്ടിരിക്കുന്ന സിലിക്കൺവാലി മോഡലെന്ന് കോൺഫറൻസിൽ പ്രൊജക്ട് പ്രസന്റേഷൻ നിർവ്വഹിച്ച ടാൽറോപ് കോഫൗണ്ടർ ആന്റ് സി.ഇ.ഒ സഫീർ നജുമുദ്ദീൻ പറഞ്ഞു. ഏതൊരു പൗരനും ടാൽറോപ് മുന്നോട്ടു വെക്കുന്ന ഈ ഒരു ദൗത്യത്തിന്റെ ഭാഗമാകുന്നതിന്, ഈ ഒരു ആശയം സമൂഹത്തിന്റെ അടിത്തട്ടിലേക്കെത്തിക്കുന്നതിന് യോഗ്യരായ കൺസൽറ്റന്റുമാരെ കണ്ടെത്തുകയെന്ന ലക്ഷ്യത്തോടെയാണ് ജില്ലകൾ തോറും ചന്ദ്രികയും ടാൽറോപും ചേർന്ന് ബിസിനസ് കൺസൽറ്റന്റ്സ് കോൺഫറൻസുകൾ സംഘടിപ്പിച്ചു വരുന്നത്.

പ്രായഭേദമന്യേ മികച്ച വരുമാനം ഉറപ്പുവരുത്തുന്നതിനുള്ള അവസരമാണ് ബിസിനസ് കൺസൽറ്റന്റുമാരെ നിയമിക്കുന്നതിലൂടെ ടാൽറോപ് ഒരുക്കുന്നത്. കേരളത്തിന്റെ ഭൂപ്രകൃതിക്ക് അനുയോജ്യമായി, ആഗോള തലത്തിൽ സ്കെയിൽ ചെയ്യാൻ കഴിയുന്ന സംരംഭങ്ങൾ പിറവിയെടുക്കാൻ ആവശ്യമായ ഇക്കോസിസ്റ്റം എഡ്യുക്കേഷൻ, ഐ.ടി, സ്റ്റാർട്ടപ്പ്, ടൂറിസം, ഹെൽത്ത് കെയർ തുടങ്ങിയ മേഖലകളിൽ ഡവലപ് ചെയ്ത് ഗൂഗിൾ, ആപ്പിൾ, മൈക്രോസോഫ്റ്റ്, മെറ്റാ, ടെസ്‌ല പോലെ ആഗോള ടെക്നോളജി കമ്പനികളെ കേരളത്തിൽ നിന്നും സൃഷ്ടിച്ച്, കേരളത്തെ ടെക്നോളജിയുടെയും സംരംഭകത്വത്തിന്റെയും ആസ്ഥാനമാക്കുകയാണ് ടാൽറോപിന്റെ ലക്ഷ്യം.

ഗുരുവായൂരിൽ നടന്ന ചന്ദ്രികടാൽറോപ് ബിസിനസ് കൺസൽറ്റന്റ്സ് കോൺഫറൻസിൽ ടാൽറോപ് കോഫൗണ്ടർ ആന്റ് സി.ഇ.ഒ സഫീർ നജുമുദ്ദീൻ പ്രൊജക്ട് പ്രസന്റേഷൻ നിർവ്വഹിക്കുന്നു

ഇന്ത്യയിലെ 28 സംസ്ഥാനങ്ങളെയും 8 കേന്ദ്രഭരണ പ്രദേശങ്ങളെയും ഉൾപ്പെടുത്തി, കേരളത്തെ ഹെഡ് ഓഫീസാക്കി, മറ്റു സംസ്ഥാനങ്ങളെ പ്രൊഡക്ഷൻ സെന്ററുകളാക്കി, ലോകത്തിലെ 193 രാജ്യങ്ങളെയും കണക്ക് ചെയ്ത് വേൾഡ് മാർക്കറ്റിലേക്ക് എത്താൻ കഴിയുമെന്ന് തിരിച്ചറിഞ്ഞ ടാൽറോപ്, കഴിഞ്ഞ 9 വർഷമായി കേരളത്തിൽ അതിനുള്ള അടിത്തറ ശക്തമാക്കുകയായിരുന്നു.

ജില്ലയിലെ വിവിധ ജനപ്രതിനിധികൾ ഉൾപ്പെടെ പങ്കെടുത്ത പരിപാടിയിൽ മുസ്‌ലിം യൂത്ത് ലീഗ് ഗുരുവായൂർ മണ്ഡലം ജനറൽ സെക്രട്ടറി കബീർ ഫൈസി അകലാട്, ചന്ദ്രിക കൊച്ചി റസിഡന്റ് മാനേജർ വി.എം.എ ബക്കർ, കോഴിക്കോട് റസിഡന്റ് മാനേജർ പി.എം മുനീബ് ഹസൻ, മാർക്കറ്റിംഗ് മാനേജർ നബീൽ തങ്ങൾ സംസാരിച്ചു.

വയനാടിന് എയർടെല്ലിന്റെ ഐക്യദാർഢ്യം

കൊച്ചി: വയനാട്ടിലെദുരിതബാധിതർക്കുവേണ്ടി എയർടെല്ലിന്റെ സംസ്ഥാനത്തെ 52 റീട്ടെയിൽസ്റ്റോറുകളുംദുരിതാശ്വാസസാമഗ്രികൾശേഖരിക്കുന്നകേന്ദ്രങ്ങളാക്കിമാറ്റി.

പ്രകൃതിക്ഷോഭ ബാധിത പ്രദേശത്തെ പ്രീപെയ്ഡ് വരിക്കാർക്ക് റീചാർജ്ചെയ്യാൻപറ്റാത്തസാഹചര്യത്തിൽ അവർക്ക് മൂന്ന് ദിവസത്തേക്ക്പരിധിയില്ലാത്ത കോളും ദിനംപ്രതി ഒരുജിബി ഡാറ്റയുംദിവസം100 എസ്എംഎസും സൗജന്യമായിനൽകും. പോസ്റ്റ് പെയ്ഡ് വരിക്കാർക്ക് 30 ദിവസത്തെകാലതാമസം അനുവദിക്കും. ഇതിലൂടെ തടസമില്ലാതെ മൊബൈൽഫോൺ ഉപയോഗിക്കാൻ സാധിക്കും.

വ്യാജ രേഖയുണ്ടാക്കി പണാപഹരണം നടത്തിയ മുൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് 12 വർഷം കഠിന തടവ്

കോട്ടയം: വ്യാജ രേഖയുണ്ടാക്കി പണാപഹരണം നടത്തിയതിന് മുൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ 12 വർഷം കഠിന തടവിന് ശിക്ഷിച്ചു.

കോട്ടയം ജില്ലയിലെ കാണക്കാരി മുൻ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായ ബാലകൃഷ്ണ വാര്യരെയാണ് രണ്ട് കേസ്സുകളിലായി ആകെ 12 വർഷം കഠിന തടവിനും 1,30,000 രൂപ പിഴ ഒടുക്കുന്നതിനും കോട്ടയം വിജിലൻസ് കോടതി ശിക്ഷിച്ചത്.

2005 ആഗസ്റ്റ് മുതൽ 2006 സെപ്തംബർ വരെയുള്ള രണ്ട് സാമ്പത്തിക വർഷങ്ങളിൽ കാണക്കാരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ബാലകൃഷ്ണ വാര്യർ, വ്യാജ രേഖകളുണ്ടാക്കി കാണക്കാരി സർവ്വീസ് കോഓപ്പറേറ്റീവ് ബാങ്കിൽ സമർപ്പിച്ച് ആകെ 1,20,958 രൂപ സ്വന്തം പേരിൽ മാറിയെടുത്തു എന്നതായിരുന്നു കോട്ടയം വിജിലൻസ് യൂണിറ്റ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ചിരുന്നത്. ശിക്ഷ ഒന്നിച്ച് അനുഭവിച്ചാൽ മതിയെന്നും വിധിന്യായത്തിൽ പറയുന്നു. കോട്ടയം വിജിലൻസ് മുൻ ഡി വൈ എസ് പി ക്യഷ്ണ കുമാർ പി രജിസ്റ്റർ ചെയ്ത് മുൻ ഇൻസ്പെകുറായിരുന്ന പയസ് ജോർജ്ജ് അന്വേഷണം നടത്തി കൃഷ്ണ കുമാർ പി തന്നെ കുറ്റപത്രം സമർപ്പിച്ച കേസ്സുകളിലാണ് പ്രതിയായ ബാലകൃഷ്ണ വാര്യർ കുറ്റക്കാരനാണെന്ന് കോടതി കണ്ടെത്തിയത്. പ്രോസിക്യൂഷനുവേണ്ടി വിജിലൻസ് പബ്ലിക് പ്രോസിക്യൂട്ടർ ശ്രീകാന്ത് കെ കെ ഹാജരായി.

എൽ&ടി ഫിനാൻസ് ലിമിറ്റഡ്
(മുൻപത്തെ എൽ&ടി ഫിനാൻസ് ഹോൾഡിംഗ്സ് ലിമിറ്റഡ്)
രജിസ്റ്റർ ചെയ്ത ഓഫീസ്: എൽ&ടി ഫിനാൻസ് ലിമിറ്റഡ്, ബ്രിന്ദാവൻ ബിൽഡിംഗ്, പ്ലോട്ട് നം. 177, കലീന, സിഎസ്ടി റോഡ്, മെഴ്സിഡസ് ഷോറൂമിനു സമീപം, സാന്താക്രൂസ് (ഈസ്റ്റ്), മുംബൈ - 400 098.
CIN No.: L67120MH2008PLC181833
ബ്രാഞ്ച് ഓഫീസ്: തൃശൂർ, കേരള

L&T Finance

പണയ വസ്തു വിൽക്കുന്നതിനുള്ള പൊതു ലേലം

എൽ&ടി ഫൈനാൻസ് ലിമിറ്റഡിന്റെ അധികാരപ്പെട്ട ഓഫീസർ അതിനു ലഭിക്കാനുള്ള കുടിശ്ശിക തുകയും അതിന്മേലുള്ള പലിശയും മറ്റു ചാർജ്ജുകളും ഈടാക്കുന്നതിനു വേണ്ടി സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസ്സറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട്, 2002 (2002ന്റെ 54) നു കീഴിൽ നൽകപ്പെട്ടിട്ടുള്ള അധികാരങ്ങൾ ഉപയോഗിച്ചുകൊണ്ട് താഴെപ്പറയുന്ന വസ്തുവകകൾ **''അത് ആയിരിക്കുന്ന സ്ഥലത്തും'' ''ആയിരിക്കുന്ന അവസ്ഥയിലും'' ''പൊതു ഇ-ലേലം വഴി''** ഇ-ലേലം ചെയ്യുന്നു.

വായ്പക്കാരന്റെയും സഹ-വായ്പക്കാരുടെയും പേരുകൾ	ഏറ്റെടുത്ത വസ്തുവിന്റെ വിലാസം	ലോൺ അക്കൗണ്ട് നമ്പർ	ഭൗതികമായി ഏറ്റെടുത്ത തീയതി	നിരത ദ്രവ്യം ആർപിയുടെ 10% അല്ലെങ്കിൽ അതിലധികം (രൂപയിൽ)	01.04.2024 തീയതിയിലെ ആകെ കുടിശ്ശിക	റിസർവ് വില (രൂപയിൽ)	പരിശോധന തീയതി	ലേല തീയതിയും സമയവും
1. കെ.കെ. അഷ്റഫ് 2. ജാസ്മിൻ കെ.	സ്ഥാവര വസ്തുവിന്റെ വിലാസം - സർവേ നം. 24/1, നെടുമ്പുറ വില്ലേജ്, തലപ്പിള്ളി താലൂക്ക്, തൃശൂർ ജില്ല എന്ന വിലാസത്തിലുള്ള 8.10 ആർ സ്ഥലവും വള്ളത്തോൾ നഗർ ഗ്രാമ പഞ്ചായത്തിന്റെ ഡോർ നം. 7/341 പതിച്ചിട്ടുള്ള 2950 ച.അടി വിസ്തൃതിയുള്ള കെട്ടിടവും അതിലുള്ള എല്ലാ വസ്തുവകകളും. വസ്തുവിന്റെ അതിരുകൾ താഴെപ്പറയും പ്രകാരമാണ്: അതിരുകൾ — കിഴക്ക്: പഞ്ചായത്ത് റോഡ്; പടിഞ്ഞാറ്: മുഹമ്മദിന്റെ പുരയിടം; വടക്ക്: അബ്ദുൽ മജീദിന്റെ പുരയിടം; തെക്ക്: അബ്ദുൽ റസാക്കിന്റെ പുരയിടം	H1849127022 1021629 & H1849127022 1010917	20 ഫെബ്രുവരി 2024	₹9,25,166.50	₹2,86,00,241.09	₹92,51,665	എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 10 മുതൽ വൈകിട്ട് 5:30 വരെ	20-08-2024 ന് രാവിലെ 10 മുതൽ വൈകിട്ട് 5.30 വരെ.

ലേലത്തിന്റെ നിബന്ധനകളും വ്യവസ്ഥകളും

1. ഇ-ലേല വിൽപ്പന അംഗീകൃത ഓഫീസർ https://sarfaesi.E-auctiontiger.net എന്ന വെബ്സൈറ്റ് വഴി സർഫേശി നിയമത്തിന്റെ വകുപ്പുകൾ അനുസരിച്ചും പൊതു ഇ-ലേല രീതിയിലും ഓൺലൈനായി നടത്തുന്നതാണ്.
2. പൊതു ഇ-ലേല നടത്തുന്നത് മുകളിൽ കൊടുത്തിട്ടുള്ള തീയതിയിലും സമയത്തും ആയിരിക്കും. അന്നേ തീയതിയിൽ പണയവസ്തു **'അത് ആയിരിക്കുന്ന സ്ഥലത്തും' 'ആയിരിക്കുന്ന അവസ്ഥയിലും'** വിൽക്കപ്പെടുന്നതാണ്.
3. പൊതു ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്ന ആളുകൾ/ലേലക്കാർ റിസർവ് വിലയുടെ 10% വരുന്ന തുക തിരികെ ലഭിക്കുന്ന നിരത ദ്രവ്യമായി അടച്ചതിനുള്ള രേഖകളും പാൻ കാർഡിന്റെ കോപ്പിയും കമ്പനിയാണെങ്കിൽ ബോർഡ് ഓഫ് റെസല്യൂഷൻസിന്റെ കോപ്പിയും മേൽവിലാസ രേഖയും **19/08/2024** ലോ അതിനു മുമ്പോ സമർപ്പിച്ചിരിക്കണം.
4. പൊതു ഇ-ലേലത്തിൽ വിജയിക്കാത്ത എല്ലാ മറ്റു ലേലക്കാരുടെയും ഇഎംഡി പൊതു ലേലം പൂർത്തിയായതിനു ശേഷം 7 ദിവസത്തിനകം എൽടിഎഫ് തിരികെ നൽകുന്നതാണ്. ഇഎംഡിക്ക് പലിശയൊന്നും ലഭിക്കുന്നതല്ല.
5. വിജയിക്കുന്ന ആൾ/ലേലക്കാരൻ അയാളുടെ/അതിന്റെ ഓഫർ തുകയുടെ 25% (ഇഎംഡി ഉൾപ്പെടെ) ''എൽ&ടി ഫൈനാൻസ് ലിമിറ്റഡ്'' എന്ന പേരിൽ കൊച്ചിയിൽ മാറാവുന്ന ഡി.ഡി./പി.ഒ. ആയി **20/08/2024** തീയതിയിൽ 18:00 മണിക്കോ അതിനു മുമ്പോ, അതായത് ഇ-ലേല നടക്കുന്ന തീയതിയിൽ അല്ലെങ്കിൽ അടുത്ത പ്രവൃത്തി ദിവസം, അതായത് **21/08/2024** തീയതിയിൽ അടയ്ക്കേണ്ടതും, അത് എൽ&ടി ഫൈനാൻസ് ലിമിറ്റഡ് സ്ഥിരീകരിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം വില്പന പരാജയപ്പെട്ടതായി കണക്കാക്കപ്പെടുന്നതും വിജയിച്ച ലേലക്കാരന്റെ ഇഎംഡി പിടിച്ചെടുക്കപ്പെടുന്നതുമാണ്. ബാക്കി തുക, അതായത് വാങ്ങിയ വിലയുടെ 75% സ്ഥാവരവസ്തു വിറ്റതിന്റെ സ്ഥിരീകരണം ലഭിക്കുന്ന തീയതി മുതൽ പതിനഞ്ചാം ദിവസമോ അതിനു മുമ്പോ അല്ലെങ്കിൽ നിയമത്തിനു കീഴിലുള്ള ചട്ടങ്ങൾ അനുവദിക്കുന്ന സമയത്തിനകമോ എൽ&ടി ഫൈനാൻസ് ലിമിറ്റഡിൽ അടയ്ക്കേണ്ടതാണ്.
6. വസ്തുവിന്റെ പരിശോധനയ്ക്കോ കൂടുതൽ വിവരങ്ങൾക്കോ വേണ്ടി, ലേലത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർക്ക് അംഗീകൃത ഉദ്യോഗസ്ഥനുമായി ബന്ധപ്പെടാം: **''പേര് - ആനന്ദ് പി.എസ്., ഫോൺ നം. 9567724709, സന്തോഷ് തിവാരി, ഫോൺ നം. 9920490126, എൽ&ടി ഫിനാൻസ് ലിമിറ്റഡ്, - ഓഫീസ്: 6-ാം നില, ബൃന്ദാവൻ ബിൽഡിംഗ്, പ്ലോട്ട് നം. 177, കലീന, സിഎസ്ടി റോഡ്, മെഴ്സിഡസ് ഷോറൂമിന് സമീപം, സാന്താക്രൂസ് (ഈസ്റ്റ്), മുംബൈ - 400098''** ഇ-ലേലത്തിന്റെ ഏതു ഘട്ടത്തിലും യാതൊരു കാരണവും കാണിക്കാതെയും യാതൊരു മുൻകൂർ അറിയിപ്പും കൂടാതെയും അധികാരപ്പെട്ട ഓഫീസർ ലേലം/ഓഫർ സ്വീകരിക്കുകയോ/നിരസിക്കുകയോ/പുതുക്കുകയോ/ക്യാൻസൽ ചെയ്യുകയോ ഇ-ലേലം മാറ്റിവയ്ക്കുകയോ ചെയ്യേക്കാം.
7. വിജയിക്കുന്ന ആൾ/ലേലക്കാരൻ സ്ഥാവര വസ്തു അയാളുടെ/അവരുടെ/അതിന്റെ പേരിൽ പതിപ്പിച്ചു കിട്ടുന്നതിന് നിലവിലുള്ള നിയമ പ്രകാരം ബാധകമായിട്ടുള്ള എല്ലാ ചെലവുകളും, നികുതികളും, ഫീസുകളും, സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് മുതലായവയും വഹിക്കേണ്ടതാണ്.
8. മേല്പറഞ്ഞ കുടിശ്ശിക തുകയ്ക്കു ബാദ്ധ്യസ്ഥരായിരിക്കുന്ന വായ്പക്കാരൻ/ജാമ്യക്കാർ ഈ വില്പന അറിയിപ്പിനെ മേല്പറഞ്ഞ സ്ഥാവര വസ്തു പൊതുലേലം ചെയ്യുന്നതിനുള്ള സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിന്റെ 8 (6)നു കീഴിലുള്ള ഒരു അറിയിപ്പായി കണക്കാക്കേണ്ടതാണ്.
9. വായ്പക്കാരൻ / സഹവായ്പക്കാർ / ജാമ്യക്കാർ / പണയക്കാർ എന്നിവരെ ഇ-ലേല തീയതിക്ക് മുമ്പ് മുകളിൽ സൂചിപ്പിച്ച മുഴുവൻ ലോൺ കുടിശ്ശികയും അടയ്ക്കാൻ ഇതിനാൽ അറിയിക്കുന്നു. അതിൽ പരാജയപ്പെടുന്നപക്ഷം സർഫേശി ആക്ട്, 2002ൽ നിർവചിച്ചിരിക്കുന്ന ചട്ടങ്ങൾ അനുസരിച്ച് എൽ&ടി ഫിനാൻസ് ലിമിറ്റഡ് മേല്പറഞ്ഞ വസ്തു വിൽക്കുന്നതായിരിക്കും.
10. നോട്ടീസിൽ പരാമർശിച്ചിരിക്കുന്ന സുരക്ഷിത ആസ്തികൾ എൽ&ടി ഫിനാൻസ് ലിമിറ്റഡിന്റെ രേഖാമൂലമുള്ള മുൻകൂർ അനുമതിയില്ലാതെ വില്പനയിലൂടെ പാട്ടത്തിലൂടെയോ മറ്റേതെങ്കിലും രീതിയിലോ കൈമാറ്റം ചെയ്യുന്നതിൽ നിന്നും വായ്പക്കാരൻ / സഹവായ്പക്കാർ / ജാമ്യക്കാർ / പണയക്കാർ എന്നിവരെയും പൊതുജനങ്ങളെയും ഇതിനാൽ തടഞ്ഞിരിക്കുന്നു.

തീയതി: 01.08.2024
സ്ഥലം: തൃശൂർ, കേരള

ഒപ്പ്/-
അധികാരപ്പെട്ട ഓഫീസർ
എൽ&ടി ഫൈനാൻസ് ലിമിറ്റഡ്

ബലിതർപ്പണം: സുരക്ഷ ഉറപ്പാക്കണമെന്ന് ഹൈക്കോടതി

കൊച്ചി: കർക്കിടകവാവ്ബലിതർപ്പണത്തോടനുബന്ധിച്ച് ശംഖുമുഖം, തിരുമുല്ലവാരം, വർക്കല തുടങ്ങിയ സ്ഥലങ്ങളിൽ ഭക്തരുടെ സുരക്ഷ ഉറപ്പുവരുത്തണമെന്ന് ഹൈക്കോടതി. ഹൈന്ദവ വിശ്വാസികൾബലിതർപ്പണമനുഷ്ഠിക്കുന്നത് തങ്ങളുടെ പൂർവ്വികർക്കും മരിച്ചകുടുംബാംഗങ്ങൾക്കും ആദരവ് പ്രകടിപ്പിക്കാനും അവരുടെ അനുഗ്രഹം തേടാനും വേണ്ടിയാണ്. ഇത് സാധാരണയായി കടൽത്തീരങ്ങൾ, പുണ്യനദികൾ, സംസ്ഥാനത്തെ ക്ഷേത്ര സ്വത്തുക്കൾ എന്നിവയ്ക്ക് സമീപമുള്ള പൊതുസ്ഥലങ്ങളിലാണ് നടത്തുന്നത്. മോശം കാലാവസ്ഥയെ തുടർന്ന് തീർഥാടകരുടെ സുരക്ഷ പൊലീസും ജില്ലാ അധികാരികളും ഉറപ്പാക്കണമെന്ന് ജസ്റ്റിസ് അനിൽ കെ നരേന്ദ്രൻ, ജസ്റ്റിസ് ഹരിശങ്കർ വി മേനോൻ എന്നിവരടങ്ങിയ ഡിവിഷൻ ബെഞ്ച് വ്യക്തമാക്കി. കർക്കിടകവാവ് ആചാരങ്ങൾ നിയന്ത്രിക്കാനും ഇടപെടാനും സർക്കാരിനും ദേവസ്വം ബോർഡിനും അവകാശമില്ലെന്ന് പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ട് ഭാരതീയ ജ്യോതിഷ വിചാര സംഘം സമർപ്പിച്ച ഹർജിയിലാണ് കോടതിയുടെ ഉത്തരവ്.

കോഴിക്കോട് സ്വദേശിയെ കൊലപ്പെടുത്തിയ കേസിൽ

മലയാളി ഉൾപ്പെടെ അഞ്ച് പേരുടെ വധശിക്ഷ നടപ്പിലാക്കി

അഷ്റഫ് ആളത്ത്
ദമ്മാം

പ്രവാസിയായ മലയാളി യുവാവിനെ കൊലപ്പെടുത്തിയ കേസിൽ സൗദികൾ ഉൾപ്പടെ പ്രതികളായ അഞ്ചുപേരുടെ വധശിക്ഷ നടപ്പിലാക്കി. പ്രതികളിലും ഒരാൾ മലയാളിയാണ്. സൗദി കിഴക്കൻ പ്രവിശ്യയിലെ ജുബൈലിൽ ബുധനാഴ്ചയാണ് ശരീഅത്ത് കോടതിയുടെ ശിക്ഷാവിധി നടപ്പിലാക്കിയത്. തൃശൂർ സ്വദേശി ചേനിക്കാപ്പുറത്ത് സീദ്ദീഖ്, സൗദി പൗരന്മാരായ ജാഫർ ബിൻ സാദിഖ് ബിൻ ഖാമിസ് അൽ ഹാജി, ഹുസൈൻ ബിൻ ബാകിർ ബിൻ ഹുസൈൻ അൽ അവാദ്, ഇദ്രിസ് ബിൻ ഹുസൈൻ ബിൻ അഹമ്മദ് അൽ സമീൽ, ഹുസൈൻ ബിൻ അബ്ദുല്ല ബിൻ ഹാജി അൽ മുസ്‌ലിമി എന്നിവരെയാണ് കുറ്റകൃത്യം സംശയാതീതമായി തെളിയിക്കപ്പെട്ട സാഹചര്യത്തിൽ വധശിക്ഷക്ക് വിധേയമാക്കിയത്. കോഴിക്കോട് കൊടുവള്ളി മാനിപുരം സ്വദേശി സമീറിനെയാണ് പ്രതികൾ ഗൂഢാലോചന ചെയ്ത് ദാരുണമായി കൊലപ്പെടുത്തിയത്. ചുള്ളിയാട്ട് പൊയിൽവീട്ടിൽ അഹമ്മദ് കുട്ടി ഖദീജ ദമ്പതികളുമകനാണ് സമീർ.

കൊല്ലപ്പെട്ട സമീർ

2016 ജൂലൈ ആറിന് കാണാതായ സമീറിനെ പിറ്റേന്ന് കൊലപ്പെടുത്തിയ നിലയിൽ കണ്ടെത്തുകയായിരുന്നു.

കുഴൽപ്പണ നടത്തിപ്പിലെ കണ്ണിയാണെന്ന് തെറ്റിദ്ധരിച്ച് ഭീഷണിപ്പെടുത്തി പണംതട്ടാൻ പ്രതികൾ സംഘം ചേർന്ന് സമീറിനെ തട്ടിക്കൊണ്ടുപോവുകയായിരുന്നു. ക്രൂരമർദനത്തിൽ കൊല്ലപ്പെട്ട സമീറിനെ പിന്നീട് പ്രതികൾ വർക്ക്ഷോപ്പ് ഏരിയയിൽ ഉപേക്ഷിച്ച് കടന്നു. എന്നാൽ പഴുതടച്ച അന്വേഷണത്തിലൂടെ 17 ദിവസം കൊണ്ട് മുഴുവൻ പ്രതികളും ജുബൈൽ പൊലീസിന്റെ വലയിലായി.

കുഴൽപ്പണ സംഘത്തേയും മദ്യവാറ്റുകാരേയും ബ്ലാക്ക്മെയിൽ ചെയ്ത് കൊള്ളയടിക്കുന്ന സംഘമായിരുന്നു അഞ്ചംഗ പ്രതികൾ. ക്രിമിനൽ കോടതി വിധിച്ച വധശിക്ഷ അപ്പീൽ കോടതി ശരിവെക്കുകയും സൗദികൾ ഉൾപ്പടെയുള്ള പ്രതികളുടെ ദയാഹരജി രാജഭരണകൂടം തള്ളുകയും ചെയ്തിരുന്നു.

തുടർന്നാണ് ബുധനാഴ്ച വധശിക്ഷ നടപ്പിലാക്കിയത്. മാപ്പ് നൽകാൻ കൊല്ലപ്പെട്ട സമീറിന്റെ കുടുംബം മുഖേനയും പ്രതികളുടെ ബന്ധുക്കൾ ശ്രമം നടത്തിയിരുന്നു. വധശിക്ഷക്ക് വിധേയനായ അഞ്ചാമൻ ചേനിക്കാപ്പുറത്ത് സിദ്ദീഖ് തൃശൂർ ഏറിയാട് സ്വദേശിയാണ്.

കേരള സംസ്ഥാന ഭാഗ്യക്കുറി MONSOON BUMPER BR-98 DRAW RESULT 31.07.2024

സമ്മാനം					
ഒന്നാം സമ്മാനം ₹10 കോടി	MD 769524 (മൂവാറ്റുപുഴ)				
സമാശ്വാസ സമ്മാനം ₹1 ലക്ഷം	MA 769524	MB 769524	MC 769524	ME 769524	
രണ്ടാം സമ്മാനം ₹10 ലക്ഷം	MA 425569 (തിരുവനന്തപുരം)	MB 292459 (ഗുരുവായൂർ)	MC 322078 (വടകര)	MD 159426 (പാലക്കാട്)	ME 224661 (അടിമാലി)
മൂന്നാം സമ്മാനം ₹5 ലക്ഷം	MA 668032 (പാലക്കാട്)	MB 592349 (പാലക്കാട്)	MC 136004 (തിരുവനന്തപുരം)	MD 421823 (കൊല്ലം)	ME 158166 (പാലക്കാട്)
നാലാം സമ്മാനം ₹3 ലക്ഷം	MA 328103 (ചിറ്റൂർ)	MB 777474 (തിരുവനന്തപുരം)	MC 203724 (ഇരിങ്ങാലക്കുട)	MD 721166 (മൂവാറ്റുപുഴ)	ME 138340 (തിരുവനന്തപുരം)

താഴെ കാണുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

അഞ്ചാം സമ്മാനം ₹5000

0269 0556 0617 0898 1192 1225 1492 1940 2885 3371 4248 4400 4638 5048 5554
6566 6692 6813 6860 6939 7164 7402 7721 7907 7971 7992 8364 8924 9126 9339

ആറാം സമ്മാനം ₹1000

0036 0096 0343 0360 0389 0416 0432 0435 0531 0538 0614 0736 0820 0837 0851
0938 0978 1026 1033 1075 1095 1138 1173 1251 1479 1480 1496 1522 1551 1616
1737 1866 2027 2050 2091 2124 2207 2263 2328 2404 2437 2542 2566 2599 2711
2725 2816 2857 2877 2979 3050 3092 3224 3226 3227 3350 3392 3471 3482 3724
3782 3785 3823 3994 4093 4127 4200 4226 4254 4262 4265 4292 4294 4308 4363
4476 4515 4535 4576 4659 4693 4767 4821 4855 4918 4942 4971 5135 5427 5502
5513 5584 5593 5769 5770 5785 6035 6085 6164 6207 6540 6575 6840 6886 6920
6946 6999 7032 7227 7244 7366 7376 7410 7430 7444 7452 7582 7629 7687 7741
7941 7987 8037 8067 8165 8451 8725 8854 8882 8901 8918 8956 9065 9079 9206
9322 9396 9408 9422 9424 9532 9571 9862 9990

ഏഴാം സമ്മാനം ₹500

0053 0064 0137 0189 0299 0307 0392 0404 0492 0504 0552 0612 0621 0714 0865
0937 0947 0949 0958 0991 1009 1051 1052 1066 1107 1118 1166 1184 1227 1232
1233 1342 1358 1373 1414 1415 1421 1454 1540 1541 1579 1593 1630 1664 1679
1739 1759 1764 1796 1819 1894 1935 1955 2057 2081 2201 2216 2238 2274 2363
2369 2375 2392 2394 2438 2473 2509 2516 2576 2579 2587 2600 2605 2611 2751
2825 2993 3029 3035 3039 3051 3068 3095 3174 3206 3272 3414 3454 3539 3563
3605 3677 3697 3760 3776 3791 3800 3818 3896 3902 3938 4004 4104 4118 4162
4174 4210 4242 4255 4282 4311 4378 4379 4403 4440 4475 4488 4493 4513 4541
4545 4591 4592 4614 4622 4634 4885 4895 4930 4938 4982 5045 5100 5149 5196
5216 5248 5278 5396 5398 5410 5439 5455 5460 5509 5531 5538 5555 5656 5673
5745 5762 5809 5846 5879 5912 6030 6053 6069 6270 6288 6368 6440 6448 6574
6639 6655 6768 6769 6806 6826 6870 6874 6905 6923 6942 6995 7002 7006 7037
7125 7171 7182 7190 7214 7249 7287 7319 7343 7397 7401 7421 7424 7464 7533
7557 7574 7618 7631 7702 7705 7739 7791 7802 7838 8016 8025 8031 8104 8204
8221 8223 8235 8264 8305 8349 8356 8375 8384 8385 8461 8532 8636 8640 8766
8777 8794 8803 8870 8927 8931 8971 8990 9050 9062 9071 9087 9306 9382 9425
9427 9462 9466 9485 9501 9542 9557 9577 9610 9770 9820 9976

എട്ടാം സമ്മാനം ₹250

0018 0059 0077 0197 0216 0232 0302 0370 0388 0476 0613 0637 0689 0871 0886
0910 0920 0927 0953 0967 1003 1045 1067 1082 1145 1160 1164 1169 1172 1176
1243 1259 1276 1284 1334 1359 1450 1475 1512 1530 1532 1550 1555 1688 1757
1768 1788 1830 1831 1845 1846 1952 1961 2004 2014 2047 2053 2068 2070 2085
2095 2147 2158 2160 2219 2220 2243 2267 2311 2373 2420 2448 2458 2495 2515
2540 2558 2596 2675 2718 2762 2772 2775 2813 2814 2835 2861 2871 2911 2962
3004 3124 3140 3141 3142 3156 3193 3200 3211 3219 3232 3247 3259 3315 3335
3340 3436 3502 3524 3534 3542 3553 3585 3648 3649 3662 3730 3753 3788 3839
3848 3890 3892 3919 3927 4070 4129 4131 4216 4261 4263 4295 4317 4410 4443
4472 4496 4512 4548 4557 4560 4564 4571 4628 4633 4644 4735 4745 4754 4759
4830 4846 4851 4854 4874 4905 4915 4951 4973 4974 5018 5027 5078 5087 5260
5274 5292 5319 5376 5386 5465 5469 5524 5642 5671 5796 5839 5892 5971 5972
6002 6026 6044 6100 6166 6195 6202 6216 6284 6305 6362 6394 6399 6403 6453
6498 6520 6542 6560 6599 6610 6638 6651 6667 6685 6755 6777 6839 6876 6887
6909 7010 7036 7045 7069 7073 7088 7137 7183 7223 7241 7258 7291 7292 7294
7339 7350 7368 7419 7439 7526 7578 7611 7640 7743 7762 7765 7780 7785 7796
7829 7870 7917 7995 8005 8011 8021 8045 8134 8146 8167 8230 8370 8390 8409
8499 8619 8662 8697 8714 8716 8744 8747 8760 8816 8820 8824 8837 8864 8917
8972 8976 9020 9054 9135 9207 9222 9229 9242 9266 9269 9289 9372 9397 9509
9518 9529 9539 9588 9607 9636 9650 9687 9694 9721 9765 9766 9809 9823 9896
9905 9914 9936 9968 9984 9991

അജി ജയകുമാർ
ഡെപ്യൂട്ടി ഡയറക്ടർ
www.statelottery.kerala.gov.in

വൈദ്യസഹായവുമായി അമൃതയുടെ മെഡിക്കൽ യൂണിറ്റ്

കൊച്ചി: ഉരുൾപൊട്ടലുണ്ടായ വയനാട്ടിലെ ദുരന്തബാധിത പ്രദേശത്തേക്ക് രക്ഷാപ്രവർത്തനദൗത്യവുമായി കൊച്ചിയിലെ അമൃത ആശുപത്രിയും. വയനാട്ടിലേക്ക് പുറപ്പെടുന്ന അമൃതയുടെ അത്യാധുനിക സൗകര്യങ്ങളുള്ള ഡിസാസ്റ്റർ മാനേജ്മെന്റ് മെഡിക്കൽ യൂണിറ്റ് വാഹനത്തിന്റെ ഫ്ളാഗ് ഓഫ് മന്ത്രി പി. രാജീവ് നിർവ്വഹിച്ചു. എറണാകുളം ഡി.എം.ഒ ഡോ. കെ. സവിത, നോഡൽ ഓഫീസർ ഡോ. ദയ പാസ്കൽ, ആർ. സി. എച്ച് ഓഫീസർ എം എസ് രശ്മി, ബ്രഹ്മചാരി ഡോ. ജഗ്ഗു, അഡീഷണൽ മെഡിക്കൽ സൂപ്രണ്ട് ഡോ. കെ. വി. ബീന, ജനറൽ മാനേജർ സി. വി. വിനായകൻ, സ്കൂൾ ഓഫ് മെഡിസിൻ പ്രിൻസിപ്പൽ ഡോ. ഗിരീഷ് കുമാർ എന്നിവർ സന്നിഹിതരായിരുന്നു.

ഡോ. ജഗ്ഗു, ഡോ. ശ്രീകുമാർ എന്നിവരുടെ നേതൃത്വത്തിൽ ഡോക്ടർമാരും, ടെക്നീഷ്യൻമാരും, പാരാമെഡിക്കൽ സ്റ്റാഫുമടങ്ങുന്ന ഇരുപതംഗ സംഘമാണ് സർക്കാർ അനുമതിയോടു കൂടി വയനാട്ടിലേക്ക് പുറപ്പെട്ടത്. മരുന്നുകൾക്കു പുറമെ മിനി ഓപ്പറേഷൻ തിയേറ്റർ, എക്സ്റേ, അൾട്രാ സൗണ്ട്, എക്കോ, ഹൈ സ്പീഡ് ലാബ്, ടെലിമെഡിസിൻ തുടങ്ങിയ സംവിധാനങ്ങൾ വാഹനത്തിൽ സജ്ജമാണ്. ജമ്മു കാശ്മീർ, ഉത്തരാഖണ്ഡ്, ഗുജറാത്ത്, ആന്ധ്ര എന്നിവിടങ്ങളിലെ ദുരന്തമുഖങ്ങളിൽ പ്രവർത്തിച്ച വിദഗ്ധ മെഡിക്കൽ സംഘമാണ് വയനാട്ടിലേക്കും സഹായഹസ്തവുമായി എത്തുന്നത്.

ടെണ്ടർ/ ലേല നോട്ടീസ്
നമ്പർ സി.2- 1403/2022
തീയ്യതി: 26.07.2024
വടക്കൻ പറവൂർ താലൂക്ക് ആശുപത്രിയിലെ ഉപയോഗശൂന്യമായ പഴയ ഒ.പി ഫാർമസി, സ്റ്റോർ, പുരുഷവാർഡ് കെട്ടിടങ്ങളുടെ തറ ഒഴികെയുള്ള കെട്ടിടഭാഗങ്ങൾ പൊളിച്ചുനീക്കുന്നതിന് 16.08.2024ന് ടെണ്ടർ/പരസ്യലേലം നടത്തുന്നു (ഇല്ക്ട്രിക്കൽ സാധനങ്ങൾ ഒഴികെ) ദർഘാസ് ഫോറത്തിന്റെ വില: 1500+18% ജി.എസ്.ടി, ദർഘാസ് ഫോറം നൽകുന്ന തീയ്യതി: 05.08.2024. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 04842442365
RO.No: 407/F3/2024/I&PRD

കേരള ജല അതോറിറ്റി, ഇലക്ട്രോണിക് ദർഘാസ് നോട്ടീസ്
ദർഘാസ്: KWA/QCD/KKD/13/2024-25 , KWA/QCD/KKD/14/2024-25
ജലജീവൻ മിഷൻ റോസ്റ്റർ സർവ്വേ, അംഗൻവാടി, സ്കൂൾ എന്നിവിടങ്ങളിൽ നിന്നുള്ള സാമ്പിൾ ശേഖരണത്തിനായി ജില്ലാ ലാബ് വയനാട്, സബ് ജില്ലാ ലാബ് കൽപ്പറ്റ, മാനന്തവാടി, സുൽത്താൻ ബത്തേരി, നൂൽപ്പുഴ എന്നിവിടങ്ങളിലേക് വണ്ടി വാടകയ്ക്കെടുക്കുന്ന പ്രവ്യത്തി.
നിരതദ്രവ്യം: Rs. 15000,15000 ടെണ്ടർ ഫീസ്: Rs. 1325,1325
ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി: 08.08.2024 02:30 pm
ഫോൺ: 04952374570
വെബ്സൈറ്റ്: www.kwa.kerala.gov.in/ www.etenders.kerala.gov.in
എക്സിക്യൂട്ടീവ് എഞ്ചിനീയർ
QC ഡിവിഷൻ, കോഴിക്കോട്
KWA-JB-GL-6-315-2024-25

ആവശ്യമുണ്ട്
അബ്ദുൽ കരീം സാലിഹ് ആൽ ഗാനിമി - Est
സിവിൽ എഞ്ചിനീയർ
(2 വർഷത്തെ പ്രവർത്തി പരിചയം)
ഇലട്രിക്കൽ എഞ്ചിനീയർ
(2വർഷത്തെ പ്രവൃത്തി പരിചയം)
Mob - 00966503676730

Change of Name
I, ADITHI INDIAN, PASSPORT No. X3693492, ISSUED 07/02/2024 ON COCHIN. RESIDING OF KOLAMAN GALATH HOUSE, VEDAKKAD, PORKULAM PO , PIN NO 680542 HAVE CHANGED MY NAME TO ADITHI RAMACHANDRAN NAIR

Change of Name
I, SHAFNA KABEER, holder of Passport No. K7227127, Residing at Manjalamkunnel House, Pallarimangalam P.O., Adivad, Pin: 686671, Ernakulam, Kerala do hereby change my name to SHAFNA MAKKAR

ചന്ദ്രിക ESTD 1934
ക്ലാസി ഫൈഡ്സ്

നോട്ടീസ്
1992 മാർച്ച് വർഷത്തെ 305652 രജിസ്റ്റർ നമ്പരിലുള്ള എന്റെ എസ്.എസ്.എൽ.സി. ബുക്ക് വീണ്ടെടുക്കാൻ പറ്റാത്തവിധത്തിൽ കൈമോശം വന്ന വിവരം ഇതിനാൽ അറിയിക്കുന്നു. പ്രസ്തുത ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് പകർപ്പിനായി പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറി മുമ്പാകെ നിയമാനുസൃതമുള്ള അപേക്ഷ നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഇതിന്മേൽ ആക്ഷേപമുള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം സെക്രട്ടറി, ബോർഡ് ഓഫ് പബ്ലിക് എക്സാമിനേഷൻസ്, പരീക്ഷാ ഭവൻ, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ രേഖാമൂലം പരാതി നൽകേണ്ടതാണ്.
Madhu. M.K
Meppparambil House
P.O. Vadanappally, Thrissur

അറിയിപ്പ്
ആലുവ ജോയിന്റ് റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസർ പരസ്യപ്പെടുത്തുന്നത്
KL41M 5386 നമ്പർ വാഹനത്തിന്റെ ഉടമ Najma ടി വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടുപോയി എന്ന് കാണിച്ച് ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷിച്ചിട്ടുണ്ട്. ടി വാഹനത്തിന്റെ ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും പരാതിയുണ്ടെങ്കിൽ ഈ പരസ്യ തീയതി മുതൽ 15 ദിവസത്തിനകം രേഖാമൂലം ഈ ഓഫീസിൽ അറിയിച്ചിരിക്കേണ്ടതാണ്. നിശ്ചിത തീയതി കഴിഞ്ഞ് ലഭിക്കുന്ന പരാതികൾ സ്വീകരിക്കുന്നതല്ല.
ജോയിന്റ് റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസർ ആലുവ

അറിയിപ്പ്
KL08BT 5524 നമ്പർ വാഹനത്തിന്റെ ഉടമ Sooraj A.V., Aranjaniyil House, Iringole P.O., Perumbavoor ടി വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടുപോയി എന്ന് കാണിച്ച് ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷിച്ചിട്ടുണ്ട്. ടി വാഹനത്തിന്റെ ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും പരാതിയുണ്ടെങ്കിൽ ഈ പരസ്യ തീയതി മുതൽ 15 ദിവസത്തിനകം രേഖാമൂലം ഈ ഓഫീസിൽ അറിയിച്ചിരിക്കേണ്ടതാണ്. നിശ്ചിത തീയതി കഴിഞ്ഞ് ലഭിക്കുന്ന പരാതികൾ സ്വീകരിക്കുന്നതല്ല.
പെരുമ്പാവൂർ ജോയിന്റ് ആർ.ടി.ഒക്കുവേണ്ടി

അറിയിപ്പ്
ULLAS FRANCIS, KODUVELI HOUSE, CHAKKUNGAL ROAD, PALARIVATTOM P O, ERNAKULAM-682025 എന്നയാളുടെ KL07CW 7295 നമ്പർ വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടുപോയി എന്ന് കാണിച്ച് ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷിച്ചിട്ടുണ്ട്. ടി വാഹനത്തിന്റെ ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും പരാതിയുണ്ടെങ്കിൽ ഈ പരസ്യ തീയതി മുതൽ 15 ദിവസത്തിനകം എറണാകുളം ആർ.ടി.ഒയെ രേഖാമൂലം അറിയിക്കേണ്ടതാണ്. നിശ്ചിത തീയതി കഴിഞ്ഞ് ലഭിക്കുന്ന പരാതികൾ സ്വീകരിക്കുന്നതല്ല.
ആർ.ടി.ഒയ്ക്കുവേണ്ടി

അറിയിപ്പ്
Tinu Johnson എന്നയാളുടെ KL-43-C-9037 നമ്പർ വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടുപോയി എന്ന് കാണിച്ച് ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷിച്ചിട്ടുണ്ട്. ടി വാഹനത്തിന്റെ ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും പരാതിയുണ്ടെങ്കിൽ ഈ പരസ്യ തീയതി മുതൽ 15 ദിവസത്തിനകം എറണാകുളം ആർ.ടി.ഒയെ രേഖാമൂലം അറിയിക്കേണ്ടതാണ്. നിശ്ചിത തീയതി കഴിഞ്ഞ് ലഭിക്കുന്ന പരാതികൾ സ്വീകരിക്കുന്നതല്ല.
ആർ.ടി.ഒയ്ക്കുവേണ്ടി

Change of Name
I, KARMMALA MOLE, holder of PPT No. G918969, Residing at Kripa 38/1939, Gandhi Nagar, Kadavanthra, Ernakulam, Pin: 682020 do hereby change my name to KARMALA MOL J

അറിയിപ്പ്
അങ്കമാലി ജോയിന്റ് റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസർ പരസ്യപ്പെടുത്തുന്നത്
K L-63-D-2243 നമ്പർ വാഹനത്തിന്റെ ഉടമ ടി വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടുപോയി എന്ന് കാണിച്ച് ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷിച്ചിട്ടുണ്ട്. ടി വാഹനത്തിന്റെ ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും പരാതിയുണ്ടെങ്കിൽ ഈ പരസ്യ തീയതി മുതൽ 15 ദിവസത്തിനകം രേഖാമൂലം ഈ ഓഫീസിൽ അറിയിച്ചിരിക്കേണ്ടതാണ്. നിശ്ചിത തീയതി കഴിഞ്ഞ് ലഭിക്കുന്ന പരാതികൾ സ്വീകരിക്കുന്നതല്ല.
ജോയിന്റ് റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസർ അങ്കമാലി

നഷ്ടപ്പെട്ടു
എൻറെ ഭർത്താവ് പാറേക്കാട്ട് അശോകൻ എന്നവർക്ക് സിദ്ധിച്ച തൃപ്രയാർ സ.റ 1-ാം പുസ്തകം 2000ത്തിൽ 1218-ാം നമ്പർ ഭാഗപത്രം തിരിച്ചുകിട്ടാത്ത വിധത്തിൽ നഷ്ടപ്പെട്ടു. ടി ഭാഗ പത്രത്തിന്റെ സർട്ടിഫൈഡ് കോപ്പിയെടുത്ത് പ്രസ്തുത ഭാഗപത്രം ബി പ്രകാരമുള്ള എടത്തിരുത്തി വില്ലേജ് ചൂലൂർ ദേശത്ത് റി സർവേ 75ൽ തനിയിൽപ്പെട്ട 40 സെൻറ് വസ്തു വഹകൾ തീറു വിൽക്കുന്നതിനും ക്രയവിക്രയം ചെയ്യുന്നതിനും ലോൺ എടുക്കുന്നതിനും തീരുമാനിച്ചിരിക്കുന്നു. ആയതിൽ ആർക്കെങ്കിലും വിരോധമോ പരാതിയോ അവകാശമോ ഉണ്ടെങ്കിൽ ഇന്ന് മുതൽ 15 ദിവസത്തിനകം എന്നെ രേഖാമൂലം അറിയിക്കേണ്ടതാകുന്നു. അല്ലാത്ത പക്ഷം ടി വസ്തു വഹകൾ ക്രയ വിക്രയം ചെയ്യുന്നതായിരിക്കും.
എന്ന്
പാറേക്കാട്ട് ബേബി ചൂലൂർ
ഫോൺ: 9846599123

അറിയിപ്പ്
Thomas A.M. എന്നയാളുടെ KL-43-E-3221 നമ്പർ വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടുപോയി എന്ന് കാണിച്ച് ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷിച്ചിട്ടുണ്ട്. ടി വാഹനത്തിന്റെ ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും പരാതിയുണ്ടെങ്കിൽ ഈ പരസ്യ തീയതി മുതൽ 15 ദിവസത്തിനകം മട്ടാഞ്ചേരി ജോയിന്റ് ആർ.ടി.ഒയെ രേഖാമൂലം അറിയിക്കേണ്ടതാണ്. നിശ്ചിത തീയതി കഴിഞ്ഞ് ലഭിക്കുന്ന പരാതികൾ സ്വീകരിക്കുന്നതല്ല.
മട്ടാഞ്ചേരി ജോയിന്റ് ആർ.ടി.ഒയ്ക്കുവേണ്ടി

ഉംറ സ്പെഷ്യൽ പാക്കേജ്
മുഹറം ഉംറ
@ 79,900/-
ജൂലൈ 25, ആഗസ്റ്റ് 1, 4
കൊച്ചിയിൽ നിന്നും
ചക്കുങ്ങൽ അൽഫലാഹ്
HO : മൂവാറ്റുപുഴ
call : സുഹൈൽ & സഹൽ
9388801866
8089118295

അഡ്മിഷൻ തുടരുന്നു...
Integrated MBA (5 years)
Integrated MCA (5 years)
Qualification: Plus Two
OTHER COURSES:
- B.Sc. Food Technology
- B.Sc. Microbiology
- B.Sc. Cyber Forensic
- B.Sc. Apparel and Fashion Technology
- B.A. Animation

KMM COLLEGES
Affiliated to MG University & Approved by AICTE
THRIKKAKKARA
Ph: 9895545924, 9400939888